# FOCUS AREA

# 2. Rights in the Indian Constitution

The special rights granted and protected by the government are enshrined in the constitutions of democracies. These special rights are called fundamental rights. The demand for fundamental rights for Indians was strongly raised during the freedom struggle. **The Motilal Nehru Committee** of 1928 strongly supported this demand. There was no two opinions on inclusion of fundamental rights should in the Constitution during the drafting of the Constitution.

## Differences between Fundamental Rights and Ordinary Rights

| Fundamental Rights | Ordinary Rights |
|---|---|
| Protected by the Constitution. | Protected by the ordinary law. |
| It can only be changed by amending the Constitution. | It can be changed through ordinary legislation. |

## Fundamental Rights in the Constitution of India

Part 3 contained seven fundamental rights in the original constitution . In 1978, the number of fundamental rights redused to six.

**1. The Right to Equality -** In order to eliminate the social inequality that existed in India, the Constitution enshrined the right to equality before the law, equal protection of the law, protection from discrimination on the basis of gender, religion, region, language and gender, abolition of untouchability, equal educational and employment opportunities.

**2. The Right to Freedom -** The right to life and liberty are included in the list of fundamental rights. The Constitution guarantees freedom of expression, freedom of assembly, freedom of association, freedom of movement, freedom of residence and freedom of employment. The Constitution sets out the procedures to be followed at the time of arrest and the rights of the accused. The government has the power to detain potential criminals in preventive detention. Those who are likely to engage in anti-social and anti-national activities can be detained for up to 3 months without trial.

**3. The Right against Exploitation -** The right against exploitation is enshrined in the Constitution to protect the weaker sections of the society.

This right helps to prevent slavery, human trafficking, begar or forced labour, **child labour** and the exploitation of women.

**4. The Right to Freedom of Religion -** In a secular country like India, all citizens have freedom of religion. Citizens have the right to profess, follow and propagate their religion. The Constitution also allows a citizen to live without believing in any religion. But religious practices that affect law and order, morality and public health are not allowed in India. The practice of reserving government posts for any particular religion does not exist in India. The Constitution also prohibits the provision of religious education in government institutions.

**5. Cultural and Educational Rights of Minorities -** The fifth fundamental right is the protection of the cultural and educational rights of minorities in India. Cultural and linguistic minorities in India have the right to preserve their language, script and culture.

**6. Rights to Constitutional Remedies -** The sixth fundamental right is the right of the citizen to approach the Supreme Court or the High Court in case of denial of fundamental rights. **Dr B R Ambedkar** described the right to constitutional remedies as the **'soul and heart of the Indian Constitution'**. Orders issued by a court for the restoration of fundamental rights are known as writs. Five writs are mentioned in the Constitution of India.

**1. Habeas corpus -** The habeas corpus is an order issued to release a citizen from illegal detention. Habeas corpus literally means "produce the body".

**2. Mandamus -** The word mandamus means 'we command'. **Mandamus** is court order to any government office, subordinate court or public authority to do some specific act which that body is obliged under law to do.

**3. Prohibition -** This is an order issued to the lower courts preventing them from interfering in matters outside their jurisdiction.

**4. Quo Warranto -** Quo Warranto means 'by what authority'. Quo Warranto is a court order issued to restrict a government official from holding a position he is not entitled to hold.

**5. Certiorari –** Certiorari means 'to be informed'. It is an order to transfer a case from the lower court to the upper court.

## Right to Property

Right to property was removed from the list of fundamental rights by the 44th Amendment in 1978 and converted to an ordinary right.

# 2. ഇന്ത്യൻ ഭരണഘടനയിലെ അവകാശങ്ങൾ

ഗവണ്മെന്റ് നൽകുകയും സംരക്ഷിക്കുകയും ചെയ്യുന്ന പ്രത്യേക അവകാശങ്ങൾ ജനാധിപത്യ രാജ്യങ്ങളുടെ ഭരണഘടനകളിൽ ഉൾപ്പെടുത്താറുണ്ട്. ഈ പ്രത്യേക അവകാശങ്ങൾ അവകാശപത്രിക അഥവാ മൗലീക അവകാശങ്ങൾ എന്നറിയപ്പെടുന്നു.

ഇന്ത്യക്കാർക്ക് മൗലീക അവകാശങ്ങൾ വേണമെന്ന ആവശ്യം സ്വാതന്ത്ര സമര കാലഘട്ടത്തിൽ ശക്തമായി ഉന്നയിക്കപ്പെട്ടിരുന്നു. 1928 ലെ മോത്തിലാൽ നെഹ്റു കമ്മിറ്റി ഈ ആവശ്യം ശക്തമായി ഉന്നയിച്ചു. ഭരണഘടനാ നിർമാണ വേളയിൽ മൗലീകാവകാശങ്ങൾക്ക് ഭരണഘടനയിൽ അർഹമായ സ്ഥാനം നൽകണം എന്നതിൽ തർക്കമുണ്ടായിരുന്നില്ല.

## മൗലീക അവകാശങ്ങളും സാധാരണ അവകാശങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ

| മൗലീക അവകാശങ്ങൾ | സാധാരണ അവകാശങ്ങൾ |
|---|---|
| ഭരണഘടന സംരക്ഷിക്കുന്നു. | സാധാരണ നിയമം സംരക്ഷിക്കുന്നു. |
| ഭരണഘടനാ ഭേദഗതിയിലൂടെ മാത്രമേ മാറ്റുവാൻ സാധിക്കുകയുള്ളൂ. | സാധാരണ നിയമ നിർമാണത്തിലൂടെ മാറ്റുവാൻ സാധിക്കും. |

## ഇന്ത്യൻ ഭരണഘടനയിലെ മൗലീക അവകാശങ്ങൾ

ഭരണഘടനയുടെ ഭാഗം 3 ൽ ഏഴ് മൗലീക അവകാശങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തു. 1978 ൽ മൗലീക അവകാശങ്ങളുടെ എണ്ണം ആറായി കുറഞ്ഞു.

**1. സമത്വത്തിനുള്ള അവകാശം –** ഇന്ത്യയിൽ നിലനിന്നിരുന്ന സാമൂഹിക അസമത്വം ഇല്ലായ്മ ചെയ്യുന്നതിനായി നിയമത്തിനു മുമ്പിൽ സമത്വം, തുല്യമായ നിയമ സംരക്ഷണം, ജാതി, മതം, പ്രദേശം, ഭാഷ, ലിംഗം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനത്തിൽ നിന്നുള്ള സംരക്ഷണം, അയിത്ത നിർമാർജനം, തുല്യമായ വിദ്യാഭ്യാസ -തോഴിൽ അവസരങ്ങൾ, ബഹുമതികൾ നിർത്തലാക്കൽ എന്നീ അവകാശങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**2 . സ്വാതന്ത്ര്യത്തിനുള്ള അവകാശം –** ജീവിക്കുവാനും വ്യക്തി സ്വാതന്ത്ര്യത്തിനുമുള്ള അവകാശം മൗലീക അവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അഭിപ്രായ സ്വാതന്ത്ര്യം, സമ്മേളന സ്വാതന്ത്ര്യം ,

സംഘടനാ സ്വാതന്ത്ര്യം , സഞ്ചാര സ്വാതന്ത്ര്യം, പാർപ്പിട സ്വാതന്ത്ര്യം, തൊഴിൽ സ്വാതന്ത്ര്യം എന്നിവ ഭരണഘടന ഉറപ്പ് നൽകുന്നു. അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളും കുറ്റാരോപിതർ ആയവരുടെ അവകാശങ്ങളും ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുറ്റം ചെയ്യുവാൻ സാധ്യത ഉള്ളവരെ മുൻകരുതൽ തടങ്കലിൽ പാർപ്പിക്കുവാനുള്ള അധികാരം ഗവൺമെന്റിനുണ്ട്. സാമൂഹിക, ദേശ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സാധ്യത ഉള്ളവരെ 3 മാസം വരെ വിചാരണ കൂടാതെ തടങ്കലിൽ പാർപ്പിക്കാവുന്നതാണ്.

**3 . ചൂഷണത്തിനെതിരെയുള്ള അവകാശം** -സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ സംരക്ഷിക്കുന്നതിന് വേണ്ടിയാണ് ചൂഷണത്തിനെതിരെയുള്ള അവകാശം ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അടിമത്വം, മനുഷ്യ കച്ചവടം, നിർബന്ധിത തൊഴിൽ, **ബാലവേല** , സ്ത്രീ ചൂഷണം എന്നിവ തടയുവാൻ ഈ അവകാശം സഹായിക്കുന്നു.

**4 . മതസ്വാതന്ത്ര്യത്തിനുള്ള അവകാശം -** മതേതര രാജ്യമായ ഇന്ത്യയിൽ എല്ലാ പൗരന്മാർക്കും മതസ്വാതന്ത്ര്യമുണ്ട്. ഇഷ്ട മതം സ്വീകരിക്കുവാനും പിന്തുടരുവാനും പ്രചരിപ്പിക്കുവാനുമുള്ള അവകാശം പൗരന്മാർക്കുണ്ട്. ഒരു മതത്തിലും വിശ്വസിക്കാതെ ജീവിക്കുവാനും ഭരണഘടനാ പൗരനെ അനുവദിക്കുന്നു. എന്നാൽ ക്രമസമാധാനം, സദാചാരം, പൊതു ആരോഗ്യം എന്നിവയെ ബാധിക്കുന്ന രീതിയിലുള്ള മത ആചാരങ്ങൾ ഇന്ത്യയിൽ അനുവദനീയമല്ല. ഗവൺമെന്റ് പദവികൾ ഏതെങ്കിലും ഒരു പ്രത്യേക മതത്തിനു സംവരണം ചെയ്യുന്ന രീതി ഇന്ത്യയിൽ നിലവില്ല. സർക്കാർ സ്ഥാപനങ്ങളിൽ മതവിദ്യാഭ്യാസം നല്കുന്നതിനെയും ഭരണഘടന വിലക്കുന്നു.

**5 . ന്യൂനപക്ഷങ്ങളുടെ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ -** ഇന്ത്യയിലെ ന്യൂനപക്ഷങ്ങളുടെ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ സംരക്ഷിക്കുന്നതാണ് അഞ്ചാമത്തെ മൗലീക അവകാശം. ഇന്ത്യയിലെ സാംസ്കാരികവും ഭക്ഷ്യപരവുമായ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അവരുടെ ഭാഷ, ലിപി സംസ്കാരം എന്നിവ സംരക്ഷിക്കുന്നതിനുള്ള അവകാശമുണ്ട്.

**6 . ഭരണഘടനാപരമായ പ്രധിവിധികൾക്കുള്ള അവകാശങ്ങൾ**

മൗലീക അവകാശങ്ങൾ നിഷേധിക്കപെട്ടാൽ സുപ്രീം കോടതിയെയോ ഹൈകോടതിയെയോ സമീപിക്കുവാൻ പൗരന് അവകാശം നൽകുന്നതാണ് ആറാമത്തെ മൗലീക അവകാശം. ഭരണഘടനാപരമായ പ്രധിവിധികൾക്കുള്ള അവകാശങ്ങളെ 'ഇന്ത്യൻ ഭരണഘടനയുടെ ആത്മാവും ഹൃദയവും' എന്നാണ് Dr B R അംബേദ്കർ വിശേഷിപ്പിച്ചത്. മൗലീകവകാശങ്ങൾ പുനഃസ്ഥാപിക്കുന്നതിനു വേണ്ടി കോടതി പുറപ്പെടുവിക്കുന്ന ഉത്തരവുകൾ റിട്ട്

എന്നറിയപ്പെടുന്നു. ഇന്ത്യൻ ഭരണഘടനയിൽ അഞ്ച് റിട്ടുകളെ കുറിച്ചാണ് പരാമർശിച്ചിരിക്കുന്നത്.

**1 . ഹേബിയസ് കോർപ്പസ് –** അന്യായമായ തടങ്കലിലിൽ നിന്നും പൗരനെ മോചിപ്പിക്കുവാൻ പുറപ്പെടുവിക്കുന്ന ഉത്തരവാണ് ഹേബിയസ് കോർപ്പസ്. ശരീരം ഹാജരാക്കിയ എന്നാണ് ഈ വാക്കിന്റെ അർഥം.

**2 . മാൻഡാമസ് –** മാൻഡാമസ് എന്ന വാക്കിന്റെ അർഥം കല്പന എന്നാണ്.ഔദ്യോഗിക ഉത്തരവാദിത്വം നിറവേറ്റാതിരിക്കുന്ന ഗവണ്മെന്റ് ഉദ്യോഗസ്ഥനോട് അവ കൃത്യമായി നിറവേറ്റുവാൻ കോടതി നൽകുന്ന ഉത്തരവാണ് ഈ റിട്ട് .

**3 . പ്രൊഹിബിഷൻ (നിരോധനം) –** കീഴ്ക്കോടതികൾ അവരുടെ അധികാരപരിധിയ്ക്ക് പുറത്തുള്ള വിഷയങ്ങളിൽ ഇടപെടുന്നത് തടഞ്ഞു കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവാണിത്.

**4 . ക്വോ വാറന്റോ –** ക്വോ വാറന്റോ എന്ന വാക്കിനർത്ഥം എന്തധികാരത്തിന്മേൽ എന്നാണ് . ഒരു സർക്കാർ ഉദ്യോഗസ്ഥൻ തനിക്ക് അർഹതയില്ലാത്ത സ്ഥാനം വഹിക്കുന്നത് തടഞ്ഞു കൊണ്ട് പുറപ്പെടുവിക്കുന്ന കോടതി ഉത്തരവാണ് ക്വോ വാറന്റോ.

**5. സെർഷിയൊററി –** ഒരു കേസ് കീഴ്ക്കോടതിയിൽ നിന്നും മേൽക്കോടതിയിലേയ്ക്ക് മാറ്റുവാൻ നൽകുന്ന ഉത്തരവാണ് സെർഷിയൊററി.

## സ്വത്തവകാശം

1978 ലെ 44th ഭരണഘട്ടഭേദഗതിയിലൂടെ സ്വത്തവകാശം മൗലീക അവകാശങ്ങളുടെ പട്ടികയിൽ നിന്നും എടുത്തു മാറ്റപ്പെട്ടു. സ്വത്തവകാശം ഒരു സാധാരണ അവകാശം ആയതോടു കൂടി രാഷ്ട്ര പുരോഗതിയ്ക്കായി സ്വകാര്യ സ്വത്ത് ഏറ്റെടുക്കുവാനുള്ള പ്രക്രിയ കൂടുതൽ ലളിതമായി.




**ക്ലാസ്സ് വീഡിയോ കാണുന്നതിന് ചിത്രത്തിൽ ക്ലിക്ക് ചെയ്യുക**

**CLICK THE IMAGE TO WATCH THE CLASS VIDEO**